# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# യേശു ഇളകിമറിഞ്ഞ കടലിനെ ശാന്തമാക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ഒരു വലിയ
കൊടുങ്കാറ്റ്
ഉണ്ടായപ്പോൾ
യേശുവും
ശിഷ്യന്മാരും
ഒരു പടകിൽ
ആയിരുന്നു.



ഗലീലക്കടലിനെ
ഇളക്കിമറിച്ച
ഇത്തരം
കൊടുങ്കാറ്റിനാൽ
കപ്പൽച്ഛേതം
വരെ
സംഭവിക്കാം.

കൊടുങ്കാറ്റിനാൽ ശിഷ്യന്മാർ ഭയചകിതരായി. വലിയ ഓളം ഉണ്ടായി തിരമാലകൾ പടകിനെ മുങ്ങുമാറാക്കി.



എന്നാൽ യേശു ഒരു തലയിണവെച്ച് സുഖമായി ഉറങ്ങുകയായിരുന്നു.

കൊടുങ്കാറ്റടിക്കുമ്പോൾ ഉറക്കം. ശിഷ്യന്മാർ യേശുവിനെ ഉണർത്തി, എന്നിട്ട് നിലവിളിച്ചു, “യജമാനനേ, യജമാനനേ, ഞങ്ങൾ നശിച്ചുപോകുന്നു!”




“നിങ്ങൾ ഭീരുക്കൾ ആകുന്നതെന്ത്
അല്പവിശ്വാസികളേ?” എന്ന് യേശു
ശിഷ്യന്മാരോട് ചോദിച്ചു. പിന്നെ അവൻ
“കാറ്റേ അടങ്ങുക” എന്നും “കടലേ
ശാന്തമാവുക” എന്നും
കല്പിച്ചു.

കാറ്റ് അടങ്ങി, കടൽ ശാന്തമായി. ശിഷ്യന്മാർ
അതിശയിച്ചു, “ഇവൻ എങ്ങനെയുള്ളവൻ?
കാറ്റും കടലും കൂടെ അവനെ
അനുസരിക്കുന്നുവല്ലോ”
എന്നു
പറഞ്ഞു.





ചിലദിവസം കഴിഞ്ഞപ്പോൾ,
യേശുവിനു വളരെ തിരക്കുള്ള ഒരു
ദിവസമായിരുന്നു അത്. ഒരു
മരുപ്രദേശത്ത്
അയ്യായിരത്തിൽ
അധികം
ആളുകൾ
...

... അവനോടൊപ്പം ഉണ്ടായിരുന്നു.
ഒരു കൊച്ചു ബാലന്റെ
പക്കലുണ്ടായിരുന്ന ഭക്ഷണം
കൊണ്ടു യേശു
ദൈവശക്തിയാൽ
ആ വലിയ ...



... ജനസമൂഹത്തെ മുഴുവനും ഭക്ഷണം കഴിപ്പിച്ചു തൃപ്തരാക്കി. സന്ധ്യയായി യേശു എല്ലാവരേയും പറഞ്ഞയച്ചു.



ശിഷ്യന്മാർക്കും പോകണമായിരുന്നു.
ഗലീലക്കടലിന്റെ മറുവശത്ത്



യേശുവിനുമുമ്പേ
എത്തേണ്ടതിന് യേശു
ശിഷ്യന്മാരെ ഒരു
പടകിൽ കയറ്റി
അയച്ചു.



അങ്ങനെ
സകലരേയും
പറഞ്ഞയച്ചശേഷം
യേശു തനിച്ച്
പ്രാർത്ഥിക്കേണ്ടതിന്
ഒരു മലമുകളിലേക്ക്
കയറിപ്പോയി. പിന്നെ
വൈകുന്നേരമായപ്പോ
ൾ യേശു തനിച്ചായി.



തടാകത്തിൽ ശിഷ്യന്മാർ
പോയിക്കൊണ്ടിരുന്നപ്പോൾ
കൊടുങ്കാറ്റടിച്ചു.
മറുകരയെത്തുവാൻ
കഴിയാതെവണ്ണം
അവർ കാറ്റുമൂലം
പ്രയാസപ്പെട്ടു.



മണിക്കൂറുകളോളം
അവർ ശ്രമിച്ചിട്ടും
സാധ്യമായില്ലത്രേ.
ശിഷ്യന്മാർ
അറിഞ്ഞിരുന്നില്ല, അവർ
ആശ്ചര്യകരമായ
ഒരു സംഭവം
കാണാൻ
പോവുകയാണെന്ന്.



അതിരാവിലെ
ഏകദേശം
മൂന്ന് മണിമുതൽ
ആറുമണിവരെയുള്ള
സമയത്തിനിടെ,
കാറ്റിനാൽ ഉലയുന്ന
കടലിൽ
ഭയജനകമായ
എന്തോ ഒന്ന്
ശിഷ്യന്മാർ കണ്ടു.
“ഇതൊരു ...



... ഭൂതമാണ്," അവർ അലറി. എന്നാൽ അത് യേശുവായിരുന്നു. അവരുടെ കർത്താവും യജമാനനുമായ യേശു അവരുടെ അടുത്തേക്ക് വരികയായിരുന്നു, വെള്ളത്തിന്മീതെ നടന്ന്.

“ഭയപ്പെടേണ്ട
ഇത് ഞാനാണ്,
ധൈര്യമായിരിക്ക”
യേശു
അരുളിച്ചെയ്തു.
“കർത്താവേ, ഇതു
നീ ആകുന്നുവെങ്കിൽ,
വെള്ളത്തിന്മീതെ
ഞാനും
നടക്കേണ്ടതിന്
കല്പിക്ക” ...



... എന്നു പത്രൊാസ് അപേക്ഷിച്ചു. “വരിക” യേശു ഉത്തരം പറഞ്ഞു. പത്രൊാസ് ധൈര്യം സംഭരിച്ച് പടകിൽനിന്ന് ഇറങ്ങി വെള്ളത്തിൻ മീതെ യേശുവിന്റെ അടുത്തേക്ക് നടന്നു.





പക്ഷേ കാറ്റ് കണ്ടപ്പോൾ പത്രൊാസ് ഭയപ്പെടുകയും മുങ്ങുവാൻ തുടങ്ങുകയും ചെയ്തു. അവൻ നിലവിളിച്ചു "കർത്താവേ എന്നെ രക്ഷിക്കേണമേ."



പെട്ടെന്ന് കർത്താവ് കരം
നീട്ടി പത്രൊസിനെ പിടിച്ചു.
“അല്പവിശ്വാസിയെ നീ എന്തിന്
ഭയപ്പെട്ടു” എന്ന് യേശു ചോദിച്ചു.
യേശുവും പത്രൊസും പടകിൽ
കയറിയപ്പോൾ കാറ്റ്
ശാന്തമായി.



പടകിൽ ഉണ്ടായിരുന്നവർ
യേശുവിനെ
ആരാധിച്ചുകൊണ്ട് “നീ
സത്യമായും ദൈവപുത്രൻ
തന്നെ” എന്നു പറഞ്ഞു.



യേശു ഇളകിമറിഞ്ഞ കടലിനെ ശാന്തമാക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മത്തായി 8, മത്തായി 14,
മർക്കൊസ് 4, ലൂക്കൊസ് 8

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130


അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയ്യുക. യോഹന്നാൻ 3:16